# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.643 — 04/02/2020-ൽ മറുപടിക്ക്

**മൂലമറ്റം വൈദ്യുതി നിലയത്തിൽ ജനറേറ്റർ പൊട്ടിത്തെറിച്ച് ഉണ്ടായ അപകടം**

| | ചോദ്യം<br><br>**ശ്രീ.അൻവർ സാദത്ത്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മൂലമറ്റം വൈദ്യുതി നിലയത്തിൽ ജനറേറ്റർ പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (എ) | ജനറേറ്റർ പൊട്ടിത്തെറിച്ചല്ല അപകടം ഉണ്ടായത് രണ്ടാം നമ്പർ ജനറേറ്ററിന്റെ എക്സൈറ്റേഷൻ ട്രാൻസ്ഫോർമറിന്റെ ബുഷിംഗ് കേടായതുമൂലമാണ് പൊട്ടിത്തെറി ഉണ്ടായത്. |
| (ബി) | പ്രസ്തുത അപകടംമൂലം വൈദ്യുതി വകുപ്പിന് ഉണ്ടായ നഷ്ടം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | ഏകദേശം 2 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആളപായം ഇല്ല. |
| (സി) | ഇതുമൂലം വൈദ്യുതി ഉല്പാദനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | 130 മെഗാവാട്ടിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | മൂലമറ്റം വൈദ്യുതി നിലയത്തിന്റെ ജനറേറ്ററുകളുടെ അറ്റകുറ്റപണി സമയബന്ധിതമായി നടത്താത്തത് കാരണമാണോ അപകടം ഉണ്ടായത്; വ്യക്തമാക്കാമോ ; | (ഡി) | അറ്റകുറ്റപണികൾ സമയബന്ധിതമായി തന്നെ നടത്തുന്നുണ്ട്. അപകടമുണ്ടായത് ജനറേറ്ററുകളുടെ അറ്റകുറ്റപ്പണി നടത്താത്തത് കാരണമല്ല. |
| (ഇ) | ഇതുമൂലം പുറത്ത് നിന്നും അധിക വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | വൈകുന്നേരങ്ങളിലെ വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ജനുവരി 21 മുതൽ 31 വരെയുള്ള കാലയളവിൽ 3.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വാങ്ങുകയുണ്ടായി. |

സെക്ഷൻ ഓഫീസർ